"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതിവികസനവകുപ്പ്-ശ്രീ മുരുകദാസ്.ആർ, മോരുവിള വടക്കതിൽ, ചെറിയേല ആല്ലുംമൂട്- പ്രത്യേക പരിഗണന നൽകി ദുർബല പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(കൈ) നം.28/2024/SCSTD തീയതി,തിരുവനന്തപുരം, 14-08-2024

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 11.12.2023 തീയതിയിലെ ഡെവ.എ1-3899/2023 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിൽ മുഖത്തല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് പരിധിയിൽ താമസിക്കുന്ന ശ്രീ മുരുകദാസ്.ആർ, മോരുവിള വടക്കതിൽ, ചെറിയേല ആല്ലുംമൂട്. പി.ഒ, എന്നയാൾ ദുർബലവിഭാഗത്തിൽ ഉൾപ്പെട്ട ഹിന്ദു വേടർ സമുദായാംഗമാണ്. സ്വന്തമായുള്ള 5 സെന്റ് വസ്തുവിൽ വർഷങ്ങളുടെ പഴക്കമുള്ളതും, മൺകട്ട കൊണ്ട് നിർമ്മിച്ചതും ടാർപോളിൻ ഷീറ്റ് കൊണ്ട് മുകൾഭാഗം മറച്ചിട്ടുള്ളതുമായ ഇടിഞ്ഞ് വീഴാൻ സാധ്യതയുള്ള ഒരു വീട്ടിലാണ് ശ്രീ മുരുകദാസും ഭാര്യയും രണ്ട് മക്കളും അടങ്ങുന്ന കുടുംബം കഴിയുന്നത്. മുരുകദാസ് കൂലിപ്പണിയെടുത്ത് ലഭിക്കുന്ന വരുമാനത്തിലാണ് കുടുംബം കഴിയുന്നത് നിലവിലെ സാഹചര്യത്തിൽ ഇവർക്ക് സ്വന്തമായി വിട് നിർമ്മിക്കാൻ കഴിയില്ല. ഇവർ ലൈഫിൽ വീടിനായി അപേക്ഷ നൽകിയിട്ടുമില്ല. പട്ടികജാതി ദുർബല വിഭാഗത്തിൽപ്പെട്ടയാളായതിനാൽ ടിയാന്റെ നിലവിലെ ജീവിത സാഹചര്യം പരിഗണിച്ച് പ്രത്യേക കേസായി കണക്കാക്കി ടിയാന് ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് നൽകുന്നതിനുള്ള അനുമതി നൽകണമെന്നു പരാമർശ പ്രകാരം വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടിയാളുടെ സാമ്പത്തിക പിന്നാക്കാവസ്ഥ യും കുടുംബത്തിന്റെ ദയനീയാവസ്ഥയും കണക്കിലെടുത്തും ടിയാൻ ദുർബല വിഭാഗഹത്തിൽ ഉൾപ്പെടുന്നയാളാണ് എന്നതിനാലും വകുപ്പ് മുഖേന നടപ്പിലാക്കുന്ന ദുർബല പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീ മുരുകദാസ്.ആർ-നു ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള പ്രത്യേകാനുമതി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.അനിൽകുമാർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം
ശ്രീ മുരുകദാസ്.ആർ, മോരുവിള വടക്കതിൽ, ചെറിയേല ആലുംമൂട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shameem Muhammed B M
Date: 14-08-2024 14:41:02

സെക്ഷൻ ഓഫീസർ